(ബി) ഈ പദ്ധതികളുടെ ശിപാർശ ഓരോന്നും ധനകാര്യ വകുപ്പിൽ ലഭിച്ച തീയതി, ഫയൽ നമ്പർ എന്നിവ സഹിതം വിശദമാക്കാമോ ;

(സി) ലഭിച്ചിട്ടുള്ള ശിപാർശകളിൽ ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം ; നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ ; ധനകാര്യാനുമതി നൽകിയിട്ടില്ലാത്തത് ഏവ ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി-പുളിയഞ്ചേരി പി.എച്ച്.സി., മുചുകുന്ന് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി എന്നിവിടങ്ങളിൽ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) എം.എൽ.എ.-എ.ഡി.എസ്. 2013-14 സാമ്പത്തികവർഷത്തിൽ കോഴിക്കോട് ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിലായി ഭരണ വകുപ്പിൽനിന്നും ശിപാർശ ചെയ്ത 57 പ്രൊപ്പോസലുകൾ ലഭിച്ചവയിൽ 54 എണ്ണം ധനവകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലുകൾ ഏതൊക്കെയെന്നും, അവയുടെ ഫയൽ നമ്പർ, ധനവകുപ്പിൽ ലഭിച്ച തീയതി, അവയിൽ ധനാനുമതി ലഭിച്ചവ, ധനാനുമതി ലഭിക്കാത്തവ എന്നീ വിശദാംശങ്ങൾ നിയോജമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊയിലാണ്ടി പുളിയഞ്ചേരി പി.എച്ച്.സി. മുച്ചുകുന്ന് ഗവ.ആയുർവ്വേദ ഡിസ്പെൻസറി എന്നീ പ്രവൃത്തികൾ ധന വകുപ്പിന്റെ അംഗീകാരത്തോടെ ഫയൽ ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുതപ്രവൃത്തി സംബന്ധിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ഭരണവകുപ്പിൽ സ്വീകരിച്ചുവരുന്നു.

പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണം

131 (6582) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും നിയമസഭ അംഗീകരിക്കുകയും ചെയ്ത പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണം ഏതു ഘട്ടത്തിൽ ആണെന്നു വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിക്കുന്ന ഫയൽ നമ്പർ 84270/എഡിഎംഎൻ/സി1/ഫിൻ/13 എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഈ ഫയൽ ഏതു ഉദ്യോഗസ്ഥന്റെ കൈവശം എത്ര നാളായി നടപടി ഇല്ലാതെ തുടരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനെതിരെ ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്തെങ്കിലും തടസ്സവാദങ്ങൾ ഫയലിൽ എഴുതിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉന്നയിച്ചിട്ടില്ലെങ്കിൽ ഈ ഫയൽ സമർപ്പിക്കുവാൻ ഉണ്ടായ കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നതിന് 13-2-2013 തീയതിയിലെ സ.ഉ.(പി) നമ്പർ 78/13/ധന. ഉത്തരവ് പ്രകാരം സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട 84270/എഡിഎംഎൻ/സി1/ഫിൻ/13 എന്ന ഫയൽ 1-10-2013-ൽ ആണ് ആരംഭിച്ചത്. ഈ ഫയലിൽ നടപടികൾ തുടർന്നുവരികയാണ്. ഫയൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ചുവരുന്നു.

(സി&ഡി) ഈ സ്ഥാപനം തുടങ്ങുന്നതിനുള്ള നിർദ്ദേശം സംസ്ഥാന ആസൂത്രണ ബോർഡ് പരിശോധിച്ചപ്പോൾ സമാന ലക്ഷ്യങ്ങളുള്ള മറ്റ് നിരവധി സ്ഥാപനങ്ങൾ ഉള്ളതായും വ്യക്തമായ മാർഗ്ഗരേഖയോ സ്ഥാപനത്തിന്റെ ഘടനയെക്കുറിച്ചുള്ള നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടില്ലായെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിർദ്ദേശം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കോഴി കർഷകരുടെ വാർഷിക വിറ്റുവരവ്

132 (6583) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോഴി വളർത്തി ഉപജീവനം നടത്തുന്ന ആളുകൾക്ക് വാർഷിക വിറ്റുവരവിൽ പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ നടപടി ഏതുവരെയായി എന്നു വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം ഒരു സാമ്പത്തിക വർഷം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഒരു വ്യാപാരി താൻ വിൽക്കുന്ന നികുതി വിധേയമായ ചരക്കുകൾക്ക് നികുതി പിരിച്ചുനൽകേണ്ടതുണ്ട്. കോഴിയും കോഴി ഇറച്ചിയും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 14.5 ശതമാനം നികുതിക്ക് വിധേയമാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly